# 122/24-M

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| ചോദ്യ പുസ്തക ക്രമനമ്പർ |
| --- |
| |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. താഴെ പറയുന്നവരിൽ ആരാണ് കേരള ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമല്ലാതിരുന്നത് ?
   A) എ. വി. കുട്ടിമാളു അമ്മ
   B) ടി. സുനന്ദാമ്മ
   C) അക്കാമ്മ ചെറിയാൻ
   D) ആനി മസ്ക്രീൻ

2. വന്ദേമാതരം ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു ?
   A) ഉർദു പത്രം
   B) ഉർദു മാസിക
   C) ബംഗാളി പത്രം
   D) ബംഗാളി മാസിക

3. ''മനുഷ്യന് ചില മൗലിക അവകാശങ്ങൾ ഉണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല''. ഇത് ആരുടെ വാക്കുകളാണ് ?
   A) ജോൺ ലോക്ക്
   B) തോമസ് പെയിൻ
   C) ജോർജ്ജ് വാഷിംഗ്ടൺ
   D) ഹെൻട്രി കോർട്ട്

4. സൺയാത് സെന്നിന്റെ തത്വങ്ങൾ ഏവ ?
   i. ദേശീയത
   ii. ജനാധിപത്യം
   iii. സോഷ്യലിസം
   iv. സ്വാതന്ത്ര്യം
   A) i മാത്രം
   B) i ഉം ii ഉം
   C) i ഉം ii ഉം iii ഉം
   D) ഇവയൊന്നുമല്ല

5. UN-ൽ ഇപ്പോൾ എത്ര അംഗങ്ങളാണ് ഉള്ളത് ?
   A) 190
   B) 191
   C) 192
   D) 193

6. ഒന്നാം കറുപ്പ് യുദ്ധം അവസാനിപ്പിച്ച ഉടമ്പടി ഏത് ?
   A) നാങ്കിങ്ങ് ഉടമ്പടി
   B) ഷാങ്കായ് ഉടമ്പടി
   C) യാങ്ങ്സി ഉടമ്പടി
   D) യെനാൻ ഉടമ്പടി

7. ഹോഴ്സ് ലാറ്റിറ്റ്യൂഡ് ഇങ്ങനേയും അറിയപ്പെടുന്നു.
   A) ഉപോഷ്ണ ഉച്ചമർദ മേഖല
   B) മധ്യരേഖാ ന്യൂനമർദ മേഖല
   C) ഉപധ്രുവീയ ന്യൂനമർദ മേഖല
   D) ധ്രുവീയ ഉച്ചമർദ മേഖല

8. സൂര്യനു ചുറ്റുമുള്ള ഭൂമിയുടെ ഭ്രമണത്തിൽ സംഭവിക്കുന്ന 'Perihelion' എന്നതുകൊണ്ട് മനസ്സിലാക്കുന്നത്.
   A) സൂര്യനും ഭൂമിയും അടുത്തടുത്തായി
   B) സൂര്യനും ഭൂമിയും അകലയായി
   C) സൂര്യനും ഭൂമിയും നേർരേഖയിൽ
   D) മുകളിൽ പറഞ്ഞവ എല്ലാം

9. നമ്മുടെ അന്തരീക്ഷപാളികളിൽ അടങ്ങിയിരിക്കുന്ന ജലാംശമാണ്
   A) സാന്ദ്രീകരണം
   B) ചാലകം
   C) ജലപാതം
   D) ആർദ്രത

10. റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യയുടെ ആധുനീകവത്കരണത്തിന് ഇന്ത്യയുടെ സംഭാവന ഏറെ പ്രസക്തമാണ്. ഇന്ത്യയുടെ നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററിന്റെ ആസ്ഥാനം എവിടെയാണ് ?
A) ബാംഗ്ലൂർ
B) തിരുവനന്തപുരം
C) ഹൈദരാബാദ്
D) ഡെറാഡൂൺ

11. ഉൾനാടൻ ജലപാതകൾ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നു. ദേശീയ ജലപാത 4 ഇവയിൽ ഏതൊക്കെ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നു ?
A) ഹാൽദിയ – അലഹബാദ്
B) കാക്കിനന്ത – പുതുച്ചേരി
C) ബ്രാഹ്മിണി – മഹാനദി ഡെൽറ്റ
D) കൊല്ലം – കോട്ടപ്പുറം

12. പരിക്രമണ തലത്തിൽ നിന്നും ഭൂമിയുടെ അക്ഷാംശ കോണീയ അളവാണ്
A) 0°
B) 90°
C) 23½°
D) 66½°

13. ദേശീയ സാമ്പിൾ സർവ്വേ ഓഫീസ് (NSSO) നടത്തുന്ന സർവെയുടെ ഭാഗമല്ലാത്തത് ?
A) തൊഴിൽ- തൊഴിലില്ലായ്മ സർവേ
B) ഉപഭോക്തൃ ചെലവ് സർവേ
C) ദേശീയ കുടുംബാരോഗ്യ സർവേ
D) സാമ്പത്തിക സെൻസസ്

14. ഉദാരവൽക്കരണ നയത്തിൻ കീഴിൽ സർക്കാർ ആരംഭിച്ച സാമ്പത്തിക പരിഷ്ക്കാരങ്ങൾ
A) വ്യാവസായിക, കാർഷിക, ധനകാര്യ മേഖലകളിലെ പരിഷ്ക്കാരങ്ങൾ
B) വ്യാവസായിക, ധനകാര്യ മേഖലകളിലെ പരിഷ്ക്കാരങ്ങൾ
C) കാർഷിക, ധനകാര്യ മേഖലകളിലെ പരിഷ്ക്കാരങ്ങൾ
D) വ്യാവസായിക, കാർഷിക മേഖലയിലെ പരിഷ്ക്കാരങ്ങൾ

15. ഇന്ത്യയിൽ ഹരിതവിപ്ലവം ആരംഭിച്ചത്, ഏത് പഞ്ചവത്സര പദ്ധതി കാലയളവിലാണ് ?
A) ഒന്നാം പഞ്ചവത്സര പദ്ധതി
B) രണ്ടാം പഞ്ചവത്സര പദ്ധതി
C) മൂന്നാം പഞ്ചവത്സര പദ്ധതി
D) നാലാം പഞ്ചവത്സര പദ്ധതി

16. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഗോതമ്പ് ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ, ഇനിപ്പറയുന്ന ശ്രേണികളിൽ ശരിയായത് ഏത് ?
A) പഞ്ചാബ്, മധ്യപ്രദേശ്, ബീഹാർ
B) മധ്യപ്രദേശ്, ബീഹാർ, പഞ്ചാബ്
C) മധ്യപ്രദേശ്, പഞ്ചാബ്, ബീഹാർ
D) പഞ്ചാബ്, ബീഹാർ, മധ്യപ്രദേശ്

17. താഴെപ്പറയുന്നവയിൽ നീതി ആയോഗിന്റെ (NITI Aayog) പ്രവർത്തന പരിധിയിൽ വരാത്തത് ?
A) ഗ്രാമതലത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നു.
B) മത്സരപരവും സഹകരണപരവുമായ ഫെഡറലിസത്തെ പ്രോത്സാഹിപ്പിക്കുന്നു.
C) പോളിസി ഗൈഡൻസും നിർദേശങ്ങളും നൽകുന്നു.
D) പരിപാടികളും സംരംഭങ്ങളും നടപ്പിലാക്കുന്നത് നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.

18. ഏത് ഇന്ത്യൻ പൊതുമേഖലാ ബാങ്കാണ് അടുത്തിടെ മറ്റൊന്നുമായി ലയിപ്പിച്ച് ആസ്തിയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ രണ്ടാമത്തെ വലിയ ബാങ്കായി മാറിയത് ?
A) പഞ്ചാബ് നാഷണൽ ബാങ്ക്
B) കനറാ ബാങ്ക്
C) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
D) ബാങ്ക് ഓഫ് ബറോഡ

19. ഇന്ത്യൻ സർക്കാരിന്റെ ''മേക്ക് ഇൻ ഇന്ത്യ'' സംരംഭം ലക്ഷ്യമിടുന്നത് ?
A) ഇന്ത്യൻ നിർമ്മാണ മേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുക.
B) ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക.
C) വിദേശ ഇറക്കുമതിയെ ആശ്രയിക്കുന്നത് വർദ്ധിപ്പിക്കുക.
D) ബിസിനസ്സുകളിൽ സർക്കാർ നിയന്ത്രണങ്ങൾ കുറയ്ക്കുക.

20. ഒരു രാഷ്ട്രത്തിന്റെ ഭൂപ്രദേശം എന്ന ഘടകത്തിൽ ഉൾപ്പെടാത്തത് ഏത് ?
A) ആ രാജ്യത്തിന്റെ കര മേഖല
B) ആ രാജ്യത്തിന്റെ വായു മേഖല
C) ആ രാജ്യത്തിന്റെ തീരത്തിൽ നിന്നും 12 നോട്ടിക്കൽ മൈലിനപ്പുറത്തുള്ള സമുദ്ര മേഖല
D) ആ രാജ്യത്തിന്റെ തീരപ്രദേശം

21. ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകത്തിൽ ഉൾപ്പെടുത്താനാവാത്തത് ?
A) ഭൂപ്രദേശം
B) ജനാധിപത്യം
C) ജനങ്ങൾ
D) പരമാധികാരം

22. താഴെപ്പറയുന്ന അവകാശങ്ങളിൽ രാഷ്ട്രീയ അവകാശങ്ങൾ എന്ന ഗണത്തിൽപ്പെടുന്നത് ഏതൊക്കെ ?
i. ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കാനുള്ള അവകാശം
ii. ഗവൺമെന്റിനെ വിമർശിക്കാനുള്ള അവകാശം
iii. ഇന്ത്യയിൽ ഉടനീളം സഞ്ചരിക്കാനുള്ള അവകാശം
iv. സാർവത്രിക പ്രായപൂർത്തി വോട്ടവകാശം
A) iv മാത്രം
B) i, ii മാത്രം
C) i, iii, iv മാത്രം
D) i, ii, iv മാത്രം

23. ഉദ്യോഗസ്ഥ വൃന്ദം ഒരു ഗവൺമെന്റിന്റെ ഏതു വിഭാഗത്തിൽപ്പെടുന്നു ?
A) നീതിന്യായ വിഭാഗം
B) കാര്യനിർവ്വഹണ വിഭാഗം
C) നിയമനിർമ്മാണ വിഭാഗം
D) രാജ്യരക്ഷാ വിഭാഗം

24. താഴെ കൊടുത്തിരിക്കുന്നവയിൽ രാജ്യസഭയുമായി ബന്ധപ്പെട്ട തെറ്റായ വസ്തുതകൾ ഏതെല്ലാം ആണ് ?

i. രാജ്യസഭാ സ്പീക്കർ സ്ഥാനം ഉപരാഷ്ട്രപതി വഹിക്കുന്നു.

ii. രാജ്യസഭാ ഒരു സ്ഥിരം സഭയല്ല.

iii. രാജ്യസഭാംഗങ്ങളെ അഞ്ചുവർഷത്തേക്ക് തിരഞ്ഞെടുക്കുന്നു.

iv. രാജ്യസഭാ ജനങ്ങളുടെ പ്രതിനിധി സഭയാണ്.

A) i, iii മാത്രം B) iii, iv മാത്രം C) ii, iii, iv മാത്രം D) i, iv മാത്രം

25. ശ്രീ വി. മുരളീധരൻ എം. പി. കേന്ദ്ര ഗവൺമെന്റിൽ ഏതു വിഭാഗത്തിൽപ്പെടുന്ന മന്ത്രിസ്ഥാനം ആണ് കൈകാര്യം ചെയ്തിരുന്നത് ?

A) ക്യാബിനറ്റ് മന്ത്രി B) സഹമന്ത്രി

C) ഉപമന്ത്രി D) പ്രത്യേക ചുമതല

26. സുപ്രീംകോടതിയുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ ഏത് ?

i. ജസ്റ്റിസ് ഹരിലാൽ ജെ. കനിയ ആയിരുന്നു സുപ്രീംകോടതിയുടെ ആദ്യ ചീഫ് ജസ്റ്റിസ്.

ii. സുപ്രീംകോടതിയിലെ ഇപ്പോഴത്തെ ചീഫ് ജസ്റ്റിസ് എ. ജെ. ദേശായി ആണ്.

iii. ഇന്ത്യയിലെ ഏറ്റവും ഉയർന്ന അപ്പീൽ കോടതിയാണ് ഇത്.

iv. ജില്ലാ കോടതികളുടെയും കീഴ് കോടതികളുടെയും മേൽനോട്ടം വഹിക്കുന്നത് സുപ്രീംകോടതിയാണ്.

A) i, ii, iv B) i, ii, iii C) i, iii D) i, iv

27. ഇ സഞ്ജീവനി പദ്ധതി ഇന്ത്യയിൽ ആദ്യമായി നടപ്പാക്കിയത് ഏത് സംസ്ഥാനത്താണ് ?

A) തമിഴ്നാട് B) കേരളം C) പഞ്ചാബ് D) ഹരിയാന

28. താഴെപ്പറയുന്നതിൽ ഏതു പദ്ധതിയിലൂടെയാണ് പട്ടികവർഗ്ഗക്കാരായ അമ്മ മാർക്കും കുട്ടികൾക്കും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പ്രതി മാസ ധനസഹായം ലഭിക്കുന്നത് ?

A) അയ്യങ്കാളി പദ്ധതി B) നിർഭയ പദ്ധതി

C) സ്വാസ്ഥ്യം പദ്ധതി D) ജനനി ജന്മ രക്ഷ

29. കല്ലൻ പൊക്കുടൻ പരിസ്ഥിതി സംരക്ഷണത്തിനായി ഏത് മേഖലയിലാണ് പ്രമുഖ സാന്നിധ്യമായിരുന്നത് ?

A) ജല സംരക്ഷണ പ്രവർത്തനങ്ങൾ

B) കണ്ടൽക്കാടുകളുടെ സംരക്ഷണം

C) എൻഡോസൾഫാൻ ദുരിതബാധിതരുടെ അവകാശ സംരക്ഷണം

D) വന്യജീവി-വനജൈവവൈവിധ്യ പ്രവർത്തനം

30. ഇപ്പോഴത്തെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അധ്യക്ഷൻ ആരാണ് ?

A) ശ്രീ കെ. രാജൻ
B) ശ്രീ പി. പ്രസാദ്
C) ശ്രീ ഡോക്ടർ വി. വേണു ഐ എ എസ്
D) ശ്രീ പിണറായി വിജയൻ

31. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധമില്ലാത്ത വസ്തുതകൾ ഏതെല്ലാം ?

i. 18 വയസ്സ് തികഞ്ഞ സ്ത്രീ പുരുഷന്മാർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളാവാം.
ii. ഗ്രാമീണ മേഖലയിലെ വിദഗ്ധ തൊഴിലാളികളെയാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്.
iii. ഗ്രാമീണ മേഖലയിൽ തൊഴിൽ ലഭ്യമല്ലെങ്കിൽ അടിസ്ഥാന തൊഴിലില്ലായ്മ ആനുകൂല്യം നൽകേണ്ടതില്ല.
iv. ഒരു സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ഉറപ്പു നൽകുന്നു.

A) i, iii മാത്രം
B) iv മാത്രം
C) i, iv മാത്രം
D) ഇവയെല്ലാം

32. "തെളിനീരൊഴുകും നവകേരളം പദ്ധതി" ലക്ഷ്യമിടുന്നത്

A) പഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള മഴക്കുഴി നിർമ്മാണം
B) സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമാക്കാൻ
C) ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള കുടിവെള്ള പദ്ധതി
D) ഖരമാലിന്യ – പ്ലാസ്റ്റിക് നിർമ്മാർജനം

33. ഒന്നായ് മുന്നേറാം എന്ന വാക്യം ഏത് ഉദ്യമത്തിന്റെ ലോഗോയോടൊപ്പം ആണ് കാണുന്നത് ?

A) കുടുംബശ്രീ
B) ശുചിത്വമിഷൻ
C) ദേശീയ തൊഴിലുറപ്പ് പദ്ധതി
D) സാക്ഷരതാ മിഷൻ

34. മസ്തിഷ്കത്തിൽ 'ഡോപമീൻ' എന്ന നാഡീയ പ്രേക്ഷകത്തിന്റെ ഉല്പാദനം കുറയുന്നതു മൂലം ശരീരത്തിന് വിറയൽ, പേശികളുടെ ക്രമരഹിതമായ ചലനം, ശരീരതുലന നില നഷ്ടമാകുക എന്നീ അവസ്ഥകൾ കാണപ്പെടുന്നു. ഇത് ഏത് രോഗത്തിന്റെ ലക്ഷണങ്ങളാണ് ?

A) അൽഷിമേഴ്സ്
B) പാർക്കിൻസൺസ്
C) പക്ഷാഘാതം
D) അപസ്മാരം

35. താഴെ പറയുന്നവയിൽ തൊഴിൽ ജന്യരോഗം അല്ലാത്തത് ഏത് ?

A) സിലിക്കോസിസ്
B) സോറിയാസിസ്
C) ന്യൂമോകോണിയോസിസ്
D) ആസ്ബറ്റോസിസ്

36. മനുഷ്യശരീരത്തിൽ പ്രവേശിക്കുന്ന രോഗാണുക്കളെ വിഴുങ്ങി നശിപ്പിക്കുന്ന പ്രവർത്തനമാണ് 'ഫാഗോസൈറ്റോസിസ്'. ഈ പ്രവർത്തനം നടത്തുന്ന ശ്വേത രക്താണുക്കൾ ഏതൊക്കെ ?

A) ന്യൂട്രോഫിൽ, ലിംഫോസൈറ്റ്
B) ഇസ്നോഫിൽ, ന്യൂട്രോഫിൽ
C) മോണോസൈറ്റ്, ന്യൂട്രോഫിൽ
D) മോണോസൈറ്റ്, ലിംഫോസൈറ്റ്

37. ഡി. ഡി. റ്റി. പോലുള്ള കീടനാശിനികൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ പ്രതിപാദിച്ച് റേച്ചൽ കാഴ്സൺ എന്ന അമേരിക്കൻ ഗവേഷക പ്രസിദ്ധീകരിച്ച പുസ്തകം ഏത് ?

A) ബ്ലൂ എക്കണോമി
B) പ്രകൃതിയുടെ നിറങ്ങൾ (കളേഴ്സ് ഓഫ് എർത്ത്)
C) അതിജീവനത്തിനായി ഒരു ബ്ലൂപ്രിന്റ് (ബ്ലൂ പ്രിന്റ് ഫോർ ലൈഫ്)
D) നിശബ്ദ വസന്തം (സൈലന്റ് സ്പ്രിംങ്)

38. സ്ഥൂല ധാതുക്കൾ ഏതൊക്കെ ?

A) കാൽസ്യം, പൊട്ടാസ്യം, ക്ലോറൈഡ്, സോഡിയം
B) സോഡിയം, മഗ്നീഷ്യം, സിങ്ക്, കോപ്പർ
C) അയൺ, കാൽസ്യം, ക്ലോറൈഡ്, മഗ്നീഷ്യം
D) കാത്സ്യം, മഗ്നീഷ്യം, അയൺ, സിങ്ക്

39. മാതാപിതാക്കൾ നഷ്ടപ്പെടുകയോ അല്ലെങ്കിൽ ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്ന ആൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതി ഇല്ലാതെ വന്നാൽ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി

A) താലോലം
B) സമാശ്വാസം
C) സ്നേഹപൂർവ്വം
D) സാന്ത്വനം

40. പുൽമേടുകളും വന്യജീവികളെയും സംരക്ഷിക്കുന്നതിനായി മഹാരാഷ്ട്രയിൽ വരുന്ന കൺസർവേഷൻ റിസർവ്

A) റോപാർ വെറ്റ്ലാൻഡ്
B) അറ്റ്പാഡി
C) ബിലാസ്പൂർ
D) ടീക്കോണിയ

41. പരമ്പരാഗത വൈദ്യശാസ്ത്ര ഗവേഷണത്തിനുള്ള സഹകരണ കേന്ദ്രമായി WHO, 2024 ജൂൺ 3 ന് ആയുഷ് മന്ത്രാലയത്തിന്റെ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദ സയൻസിന് (CCRAS) കീഴിലുള്ള ഏത് യൂണിറ്റിനെയാണ് നിയോഗിച്ചത് ?

A) AIIMS – ന്യൂ ഡെൽഹി
B) NIMS – ജയ്പൂർ
C) NIIMH – ഹൈദ്രാബാദ്
D) ICMR – ന്യൂ ഡെൽഹി

42. പ്രകാശരശ്മി ഒരു പ്രിസത്തിൽ കൂടി കടന്നു പോകുമ്പോൾ ഏഴ് വർണ്ണങ്ങളായി മാറുന്ന പ്രതിഭാസമാണ്

A) അപവർത്തനം
B) പ്രതിഫലനം
C) വിസരണം
D) പൂർണ്ണ ആന്തര പ്രതിഫലനം

43. 'Law of inertia' എന്നറിയപ്പെടുന്ന ന്യൂട്ടന്റെ ചലന നിയമം ഏത് ?

A) ന്യൂട്ടന്റെ ഒന്നാം ചലന നിയമം
B) ന്യൂട്ടന്റെ രണ്ടാം ചലന നിയമം
C) ന്യൂട്ടന്റെ മൂന്നാം ചലന നിയമം
D) ഇവയൊന്നുമല്ല

44. ഹൈഡ്രോളിക് ലിഫ്റ്റിന്റെ പ്രവർത്തന തത്വം എന്ത് ?

A) ആർക്കമെഡിസ് തത്വം
B) ബെർനോളിസ് തത്വം
C) പാസ്ക്കൽസ് നിയമം
D) ഫോട്ടോ ഇലക്ട്രിക് ഇഫക്ട്

45. 'Train – 18' എന്നറിയപ്പെടുന്ന എക്സ്പ്രസ് ട്രെയിൻ ഏത് ?

A) ജനശദാബ്ധി എക്സ്പ്രസ്
B) വന്ദേഭാരത് എക്സ്പ്രസ്
C) കേരള എക്സ്പ്രസ്
D) രാജധാനി എക്സ്പ്രസ്

46. ചന്ദ്രയാൻ-3-ന്റെ ലാൻഡറിന്റെ പേര് എന്ത് ?

A) വിക്രം
B) ആര്യഭട്ട
C) രംഭ
D) ആദിത്യ

47. ആധുനിക ആവർത്തന പട്ടികയിലെ ആറ്റോമിക നമ്പർ ഏറ്റവും കൂടിയ മൂലകത്തിന്റെ പേര് എന്ത് ?

A) ഒഗനെസൺ
B) ടെന്നസിൻ
C) മോസ്കോവിയം
D) നിഹോണിയം

48. ഏത് നിശ്ചിത അനുപാതത്തിൽ ഏതെല്ലാം ഗാഢ ആസിഡുകൾ ചേർത്താണ് അക്വാറീജിയ ലഭിക്കുന്നത് ?

A) 1 HCl : 3 $HNO_3$
B) 1 $HNO_3$ : 3 HCl
C) 1 HCN : 3 HCl
D) ഇവയൊന്നുമല്ല

49. ശാസ്ത്രജ്ഞനും അവർ മൂലകങ്ങളെ വർഗ്ഗീകരിച്ചിരിക്കുന്ന ബന്ധവും താഴെ നൽകിയിരിക്കുന്നു. അതിൽ ഏറ്റവും ശരിയായത് തെരഞ്ഞെടുക്കുക.

1. ഹെന്ററി മോസ്‌ലി — a. ആറ്റോമിക മാസ്സ്
2. മെൻഡലിയേഫ് — b. ത്രികങ്ങൾ
3. ന്യൂലാൻഡ്സ് — c. ആറ്റോമിക നമ്പർ
4. ഡോബറൈനർ — d. അഷ്ടക നിയമം

A) 1 – a, 2 – b, 3 – c, 4 – d
B) 1 – c, 2 – d, 3 – a, 4 – b
C) 1 – b, 2 – c, 3 – d, 4 – a
D) 1 – c, 2 – a, 3 – d, 4 – b

50. ഏറ്റവും കാഠിന്യമുള്ള ലോഹം ഏത് ?

A) ഓസ്മിയം B) മെർക്കുറി C) ക്രോമിയം D) ഇറിഡിയം

51. താഴെ നൽകിയിരിക്കുന്ന ഗ്രാഫുകളിൽ ഏതാണ് ബോയിൽ നിയമം അനുസരിക്കാത്തത് ?

A) 


B) 


C) 


D) 


52. താഴെ നൽകിയിരിക്കുന്നതിൽ എസ്. കെ. പൊറ്റെക്കാടിന്റെ രചനകൾ മാത്രം ഉൾപ്പെട്ടത് ഏത് ?

A) വിഷകന്യക, ചന്ദ്രകാന്തം, ബാലിദ്വീപ്, എന്റെ വഴിയമ്പലങ്ങൾ

B) സർഗസംഗീതം, ആയിഷ, നാടൻ പ്രേമം, രാജാങ്കണം

C) മേഘച്ഛായ, ആയിഷ, ഋഷിപ്രസാദം, ഉജ്ജയിനി

D) അഗ്നിശലഭങ്ങൾ, ഏണിപ്പടികൾ, തോരാമഴ, ഒരു ദേശത്തിന്റെ കഥ

53. 'ഋശ്യശൃംഗനും അലക്സാണ്ടറും' എന്ന നാടകം രചിച്ചത്

A) എൻ. എൻ. പിള്ള B) എൻ. കൃഷ്ണപിള്ള

C) വൈലോപ്പിള്ളി ശ്രീധരമേനോൻ D) ഇടശ്ശേരി ഗോവിന്ദൻ നായർ

54. ടോക്കിയോ ഒളിമ്പിക്സിൽ നീരജ് ചോപ്ര ജാവലിൻ ത്രോ മത്സരത്തിൽ സുവർണ നേട്ടം കൈവരിക്കുവാൻ താണ്ടിയ ദൂരം

A) 87.85 മീറ്റർ B) 87.58 മീറ്റർ C) 86.58 മീറ്റർ D) 88.58 മീറ്റർ

55. ഗബ്രിയേൽ ഗാർസിയ മാർക്വേസിന്റെ മരണാനന്തരം പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ നോവൽ

A) വിഷാദവേശ്യകളെക്കുറിച്ചുള്ള ഓർമ്മകൾ

B) അൺടിൽ ഓഗസ്റ്റ്

C) കോളറ കാലത്തെ പ്രണയം

D) ടെസ്റ്റമെന്റ്സ് ബിട്രെയ്ഡ്

56. അന്താരാഷ്ട്ര ഫീച്ചർ സിനിമ വിഭാഗത്തിൽ 2024-ൽ ഓസ്കാർ പുരസ്കാരം ലഭിച്ച സിനിമ

A) ഓപ്പൻ ഹൈമർ
B) പുവർ തിങ്ങ്സ്
C) ദി സോൺ ഓഫ് ഇന്ററസ്റ്റ്
D) ദി ലാസ്റ്റ് റിപ്പയർ ഷോപ്പ്

57. ''നന്മകൾ കേട്ടത് കണ്ടത് ചൊല്ലാൻ നാക്കിനു കഴിയട്ടെ
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ കൊക്കിന് കഴിയട്ടെ''. ഈ വരികൾ രചിച്ച കവിയാര് ?

A) അയ്യപ്പപ്പണിക്കർ
B) വള്ളത്തോൾ
C) ഒ. എൻ. വി.
D) മധുസൂദനൻ നായർ

58. രചയിതാക്കളെയും രചനകളെയും ചേരുംപടി ചേർക്കുക.

1. രാമപുരത്തു വാര്യർ — a. ഋതുസംഹാരം
2. കുഞ്ചൻ നമ്പ്യാർ — b. പറുദീസാനഷ്ടം
3. സുഭാഷ് ചന്ദ്രൻ — c. കുചേലവൃത്തം
4. കാളിദാസൻ — d. ഘോഷയാത്ര

A) 1 – c, 2 – d, 3 – b, 4 – a
B) 1 – c, 2 – a, 3 – b, 4 – d
C) 1 – d, 2 – c, 3 – b, 4 – a
D) 1 – d, 2 – a, 3 – c, 4 – b

59. ഒരു നെറ്റ്‌വർക്ക് ഹബ്ബിന്റെ കാര്യത്തിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏത് ?

i. ഒരു പ്രൈവറ്റ് നെറ്റ്‌വർക്കിലെ വിവിധ കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിക്കുവാൻ ഉപയോഗിക്കുന്നു.
ii. ഡാറ്റ പായ്ക്കറ്റുകൾ സ്വീകർത്താവിന് മാത്രം അയയ്ക്കുന്നു.
iii. ഹബ്ബിന് ഒരു ഇൻപുട്ട് പോർട്ടും ഒരു ഔട്ട്പുട്ട് പോർട്ടും ആണ് ഉള്ളത്.

A) ii and iii മാത്രം
B) i and iii മാത്രം
C) i മാത്രം
D) മുകളിൽ പറഞ്ഞവ എല്ലാം

60. സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്‌വെയറിൽ സങ്കീർണ്ണമായ കണക്കുകൂട്ടലുകൾ നടത്തുന്നതിനുള്ള ഒരു എളുപ്പമാർഗ്ഗമേത് ?

A) ഗ്രാഫ്സ്
B) ഫങ്ഷൻസ്
C) മാത്തമാറ്റിക്കൽ പാക്കേജ്
D) ബ്ലോക്സ്

61. ഒരു വയർലെസ്സ് റൂട്ടറിന്റെ പരിധി വിപുലീക്കരിക്കാൻ താഴെ പറയുന്ന ഏത് ഉപകരണമാണ് സഹായിക്കുക ?

A) വയർലെസ്സ് റിപ്പീറ്റർ
B) സ്വിച്ച്
C) വയർലെസ്സ് ബ്രിഡ്ജ്
D) നെറ്റ്‌വർക്ക് ഇന്റർഫേസ് കാർഡ്

62. ഒരു പോയിന്റിങ്ങ് ഇൻപുട്ട് ഡിവൈസിന് ഉദാഹരണം ഏത് ?

A) കീ ബോർഡ്
B) മൗസ്
C) സ്കാനർ
D) OMR

63. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വെബ് ബ്രൗസർ ഏത് ?

A) ഓപ്പറ
B) ഗൂഗിൾ ക്രോം
C) ഫയർഫോക്സ്
D) ഗൂഗിൾ മീറ്റ്

64. പോക്സോ നിയമത്തിലെ ഏത് വകുപ്പാണ് കുട്ടിയെ അശ്ലീല ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ശിക്ഷയെ കുറിച്ച് പ്രതിപാദിക്കുന്നത് ?

A) വിഭാഗം 4 B) വിഭാഗം 6 C) വിഭാഗം 12 D) വിഭാഗം 14

65. ഉപഭോക്തൃ സംരക്ഷണ നിയമം, 2019 പ്രകാരം സ്ഥാപിതമായ സെൻട്രൽ കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റിയുടെ (CCPA) പ്രാഥമിക പ്രവർത്തനം എന്താണ് ?

A) ഉപഭോക്തൃ അവബോധം പ്രോത്സാഹിപ്പിക്കുന്നതിന്

B) ഉപഭോക്തൃ സാധനങ്ങൾ നിയന്ത്രിക്കുന്നതിന്

C) ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനും

D) പരസ്യ നിലവാരം നിരീക്ഷിക്കാൻ

66. DV നിയമത്തിലെ ഏത് വകുപ്പാണ് ഗാർഹിക പീഡനത്തെ നിർവചിക്കുന്നത് ?

A) വിഭാഗം 2 B) വിഭാഗം 3 C) വിഭാഗം 4 D) വിഭാഗം 5

67. ഏത് നിയമ പ്രകാരമാണ് NHRC സ്ഥാപിച്ചത് ?

A) മനുഷ്യാവകാശ സംരക്ഷണ നിയമം, 1993

B) ദേശീയ മനുഷ്യാവകാശ നിയമം, 1993

C) മൗലികാവകാശ നിയമം, 1993

D) ഇവയൊന്നുമല്ല

68. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഒരു അപേക്ഷ സ്വീകരിക്കാൻ വിസമ്മതിച്ചതിന് അല്ലെങ്കിൽ വിവരങ്ങൾ നൽകാത്തതിന് ഒരു പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (PIO) ഇൻഫർമേഷൻ കമ്മീഷന് ചുമത്താവുന്ന പരമാവധി ശിക്ഷ എന്താണ് ?

A) ₹ 10,000 B) ₹ 25,000 C) ₹ 50,000 D) ₹ 1,00,000

69. വിവരാവകാശ നിയമപ്രകാരം മുഖ്യ വിവരാവകാശ കമ്മീഷണർ, ഇൻഫർമേഷൻ കമ്മീഷണർമാർ എന്നിവരുടെ പരമാവധി കാലാവധി എത്രയാണ് ?

A) 3 വർഷം അല്ലെങ്കിൽ 65 വയസ്സ് വരെ, ഏതാണോ ആദ്യം അത്

B) 5 വർഷം അല്ലെങ്കിൽ 65 വയസ്സ് വരെ, ഏതാണോ ആദ്യം അത്

C) 5 വർഷം അല്ലെങ്കിൽ 70 വയസ്സ് വരെ, ഏതാണോ ആദ്യം അത്

D) 6 വർഷം അല്ലെങ്കിൽ 75 വയസ്സ് വരെ, ഏതാണോ ആദ്യം അത്

70. ഒരു പരാതിയുടെ അന്വേഷണ സമയത്ത് വിവരാവകാശ കമ്മീഷന് എന്ത് അധികാരമാണ് ഉള്ളത് ?

A) വ്യക്തികളെ വിളിച്ചുവരുത്തി ഹാജരാകാൻ നിർബന്ധിക്കുകയും സത്യപ്രതിജ്ഞയിൽ വാക്കാലുള്ളതോ രേഖാമൂലമോ ആയ തെളിവുകൾ നൽകാൻ അവരെ നിർബന്ധിക്കുകയും ചെയ്യുക

B) ബി. രേഖകളുടെ കണ്ടെത്തലും പരിശോധനയും ആവശ്യമാണ്

C) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതു രേഖയോ അതിന്റെ പകർപ്പുകളോ ആവശ്യപ്പെടുക

D) മുകളിൽ പറഞ്ഞവയെല്ലാം

71. 3 പെൻസിലിനും 4 പേനയ്ക്കും കൂടി 66 രൂപയാണ് വില. 6 പെൻസിലിനും 3 പേനയ്ക്കുമാണെങ്കിൽ 72 രൂപയും. എങ്കിൽ ഒരു പേനയുടെ വില എത്രയാണ് ?

A) 9 B) 11 C) 12 D) 13

72. തീവണ്ടിയിൽ 360 കി. മീ. ദൂരം യാത്ര ചെയ്യാൻ 4 മണിക്കൂർ 30 മിനുട്ട് എടുത്തു. എങ്കിൽ തീവണ്ടിയുടെ ശരാശരി വേഗം എത്രയാണ് ?

A) 40 കി. മീ./മണിക്കൂർ B) 60 കി. മീ./മണിക്കൂർ

C) 80 കി. മീ./മണിക്കൂർ D) 90 കി. മീ./മണിക്കൂർ

73. താഴെ തന്നിരിക്കുന്ന ഭിന്നസംഖ്യകളിൽ ഏറ്റവും വലുത് ഏത് ?

$\frac{2}{5}, \frac{7}{10}, \frac{3}{4}, \frac{2}{1}$

A) $\frac{2}{5}$ B) $\frac{7}{10}$ C) $\frac{3}{4}$ D) $\frac{2}{1}$

74. വീടിന് ചായം തേയ്ക്കുമ്പോൾ 24 ലിറ്റർ ചായത്തിന്റെ കൂടെ 3 ലിറ്റർ ടർപെന്റൈൻ ആണ് ചേർത്തത്. 32 ലിറ്റർ ചായത്തിന്റെ കൂടെ എത്ര ലിറ്റർ ടർപെന്റൈൻ ചേർക്കണം ?

A) 3.5 ലിറ്റർ B) 4 ലിറ്റർ C) 4.5 ലിറ്റർ D) 5 ലിറ്റർ

75. നാലുവർഷം മുമ്പ് റഹീമിന്റെ പ്രായം, രാമുവിന്റെ പ്രായത്തിന്റെ മൂന്ന് മടങ്ങായിരുന്നു. രണ്ട് വർഷം കഴിയുമ്പോൾ ഇത് രണ്ട് മടങ്ങാകും. എന്നാൽ രാമുവിന്റെ ഇപ്പോഴത്തെ വയസ് എത്ര ?

A) 4 B) 6 C) 10 D) 12

76. ഉചിതമായ ബന്ധം കണ്ടെത്തി പൂരിപ്പിക്കുക.

MARK : PDUN : : SCOR :

A) VGRU B) VFRU C) VFRT D) WFRU

77. ഒറ്റയാനെ കണ്ടെത്തുക.

2, 3, 4, 5

A) 2 B) 3 C) 4 D) 5

78. രണ്ട് സംഖ്യകളിൽ ആദ്യത്തേത് രണ്ടാമത്തേതിന്റെ അഞ്ചിരട്ടിയാണ്. സംഖ്യകളുടെ തുക 96 ആയാൽ ചെറിയ സംഖ്യ ഏത് ?

A) 16 B) 80 C) 36 D) 30

79. ഒരാൾ തന്റെ വീട്ടിൽ നിന്ന് 300 മീ. തെക്കോട്ട് നടന്നു. പിന്നീട് ഇടത്തോട്ട് തിരിഞ്ഞ് 100 മീ. പോയശേഷം വലത്തോട്ട് തിരിഞ്ഞ് 200 മീ. സഞ്ചരിച്ച് വീണ്ടും വലത്തോട്ട് തിരിഞ്ഞ് 100 മീ. നടന്നാൽ അയാൾ വീട്ടിൽ നിന്നും ഏത് ദിശയിൽ എത്ര അകലെയാണ് ?

A) 500 മീറ്റർ വടക്ക് B) 500 മീറ്റർ പടിഞ്ഞാറ്

C) 600 മീറ്റർ കിഴക്ക് D) 500 മീറ്റർ തെക്ക്

80. ക്ലോക്കിലെ സമയം 5.10 ആയാൽ പ്രതിബിംബത്തിലെ സമയം എത്രയായിരിക്കും ?

A) 6.50 B) 6.20 C) 7.20 D) 7.50

81. He came early, __________

Use the correct question tag.

A) did he ?
B) do he ?
C) didn't he ?
D) doesn't he ?

82. If I prepared well, I __________ the project.

Choose the right verb.

A) would have completed
B) will complete
C) would completed
D) would complete

83. One of my friends _________ with me yesterday.

Choose the right option.

A) was
B) were
C) is
D) have

84. I am sure that somebody was spying _____________ us.

Choose the correct preposition.

A) for
B) on
C) in
D) about

85. They said, "We arrived late". Change the speech.

A) They said that they arrived late.
B) They said that they have arrived late.
C) They said that they had arrived late.
D) They said that they will arrive late.

86. Which is the synonym for the word, 'resemblance' ?

A) similarity
B) diversity
C) difference
D) originality

87. Identify the meaning of the idiom, "a piece of cake".

A) very tasty
B) good looking
C) difficult to cook
D) very easy task

88. A group of monkeys is called

A) school
B) flock
C) herd
D) troop

89. The fear of the dark is known as

A) nyctophobia
B) claustrophobia
C) chronophobia
D) aerophobia

90. Write the one word substitute for the art related to decorative and beautiful handwriting.

A) orthography
B) calligraphy
C) psephology
D) numerology

91. ഒറ്റപ്പദമെഴുതുക : ഉണർന്നിരിക്കുന്ന അവസ്ഥ.

A) ഉൺമ B) ജാഗരം C) നിരതം D) ബോധനം

92. 'തിരുവടി' എന്ന പദം പിരിച്ചെഴുതിയാൽ

A) തിരു + അടി
B) തിരു + വടി
C) തിർ + ഉവടി
D) തിരുവ + അടി

93. 'കുതികാൽ വെട്ടുക' എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്

i. വഞ്ചിക്കുക
ii. ഉയർച്ച തടയുക
iii. അവസാനിപ്പിക്കുക
iv. ചില്ല മുറിക്കുക

A) ii ഉം iii ഉം ശരിയാണ്
B) i ഉം ii ഉം ശരിയാണ്
C) i ഉം iv ഉം ശരിയാണ്
D) iv മാത്രം ശരിയാണ്

94. പൂജക ബഹുവചനത്തിന് ഉദാഹരണമായ പദം താഴെ പറയുന്നവയിൽ ഏതാണ് ?

A) പുഷ്പങ്ങൾ B) വൈദ്യർ C) അധ്യാപകർ D) ദേവകൾ

95. താഴെ കൊടുത്തവയിൽ തെറ്റായ പദം ഏത് ?

A) ജിജ്ഞാസ
B) ഉത്തരവാദിത്വം
C) ആസ്തിക്യം
D) ആദരാഞ്ജലി

96. 'പ്രാചീനം' എന്ന പദത്തിന്റെ വിപരീതപദം എഴുതുക.

A) ആധുനികം
B) പുരാതനം
C) അർവാചീനം
D) അപ്രാചീനം

97. 'മഞ്ഞ്' എന്നർത്ഥം വരാത്ത പദം ഏത് ?

A) നീഹാരം B) തുഷാരം C) തുഹിനം D) നിധനം

98. വിഗ്രഹാർത്ഥം എഴുതുക : പാദപങ്കജം.

A) പാദമാകുന്ന പങ്കജം
B) പാദത്തിലെ പങ്കജം
C) പാദവും പങ്കജവും
D) പങ്കജമാകുന്ന പാദം

99. 'Slow and steady wins the race' – എന്ന ആശയം ലഭിക്കുന്ന ചൊല്ല് താഴെ പറയുന്നവയിൽ നിന്നും എഴുതുക.

A) പതുക്കെ പറഞ്ഞാലും പന്തളത്തു കേൾക്കാം
B) മടിയൻ മല ചുമക്കും
C) നിലക്കു നിന്നാൽ മലക്കു സമം
D) മെല്ലെത്തിന്നാൽ മുള്ളും തിന്നാം

100. ചേർത്തെഴുതുക : കടൽ + പുറം

A) കടൽ പുറം B) കടൽപ്പുറം C) കടപ്പുറം D) കടാപ്പുറം

**FINAL ANSWER KEY**
**Question Paper Code:122-2024 M**
**Question Paper Medium:Malayalam**
**Category Code:503/2023**
**Name Of Post & Department:Clerk - Various 503/2023**
**Date Of Test:07-Sep-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | B | A | C | A |
| 2 | A | D | A | A |
| 3 | A | C | A | B |
| 4 | C | A | A | D |
| 5 | D | A | B | C |
| 6 | A | B | D | A |
| 7 | A | D | C | A |
| 8 | A | B | D | D |
| 9 | D | C | D | A |
| 10 | C | D | A | B |
| 11 | B | A | A | C |
| 12 | D | A | B | D |
| 13 | C | D | A | C |
| 14 | B | A | C | C |
| 15 | C | C | A | D |
| 16 | C | A | C | B |
| 17 | A | C | B | C |
| 18 | D | B | C | A |
| 19 | A | C | D | A |
| 20 | C | D | D | C |
| 21 | B | X | B | X |
| 22 | D | D | C | C |
| 23 | B | B | X | B |
| 24 | C | C | B | D |
| 25 | B | X | A | X |
| 26 | C | B | C | D |
| 27 | X | A | B | B |
| 28 | D | C | D | C |
| 29 | B | B | B | B |
| 30 | D | D | C | B |
| 31 | X | B | B | A |
| 32 | B | C | D | D |
| 33 | A | B | X | B |
| 34 | B | B | D | A |
| 35 | B | C | C | C |
| 36 | C | A | B | B |
| 37 | D | C | C | B |
| 38 | A | C | B | B |
| 39 | C | D | B | C |
| 40 | B | B | A | C |
| 41 | C | B | C | D |
| 42 | C | B | C | A |
| 43 | A | C | A | B |
| 44 | C | A | A | C |
| 45 | B | A | C | A |
| 46 | A | C | B | C |
| 47 | A | C | D | B |
| 48 | B | D | D | C |
| 49 | D | D | B | A |
| 50 | C | B | A | D |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | D | A | C | D |
| 52 | A | A | C | B |
| 53 | C | C | B | B |
| 54 | B | B | A | A |
| 55 | B | A | B | C |
| 56 | C | B | C | A |
| 57 | A | C | A | A |
| 58 | A | A | A | C |
| 59 | C | B | A | B |
| 60 | B | A | B | B |
| 61 | A | B | B | C |
| 62 | B | B | C | B |
| 63 | B | C | B | A |
| 64 | D | X | B | A |
| 65 | C | B | A | B |
| 66 | B | A | D | X |
| 67 | A | D | B | C |
| 68 | B | B | C | D |
| 69 | X | C | D | D |
| 70 | D | D | X | B |
| 71 | C | C | C | D |
| 72 | C | A | B | B |
| 73 | D | C | D | C |
| 74 | B | B | A | A |
| 75 | C | D | D | C |
| 76 | B | A | B | C |
| 77 | C | D | C | D |
| 78 | A | B | C | A |
| 79 | D | C | C | C |
| 80 | A | C | A | B |
| 81 | C | D | C | A |
| 82 | D | D | A | B |
| 83 | A | C | A | D |
| 84 | B | A | B | D |
| 85 | C | A | A | C |
| 86 | A | B | B | D |
| 87 | D | A | C | A |
| 88 | D | B | D | B |
| 89 | A | C | D | C |
| 90 | B | D | D | A |
| 91 | B | D | D | B |
| 92 | A | A | C | B |
| 93 | B | D | D | D |
| 94 | B | C | C | A |
| 95 | D | D | B | B |
| 96 | C | C | B | A |
| 97 | D | B | B | D |
| 98 | A | B | A | C |
| 99 | D | B | D | D |
| 100 | C | A | A | C |

'X' denotes deletion

Approved For Publication
Sd/-
Section officer